# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല - എറണാകുളം

സ്കൂൾ കോഡ് - 26227

സ്കൂളിന്റെ പേര് :- സെന്റ്. റാഫേൽസ് LPS
പാലാരിവട്ടം

പിൻകോഡ് : 682025

e-mail : straphalslps@gmail.com

Corporation : KOCHI

ക്ലാസുകൾ : 1 മുതൽ 4 വരെ

മാനേജ്മെന്റ് : ഗവൺമെന്റ് - എയ്ഡഡ്.

പഠനമാധ്യമം : മലയാളം

എറണാകുളം ഉപജില്ലയിലെ പാലാരിവട്ടം പ്രദേശത്ത് 1894-ൽ സ്ഥാപിതമായ St. Raphael LP School കഴിഞ്ഞ 131 വർഷങ്ങളായി പാലാരിവട്ടം, തമ്മനം, കാരണക്കോടം, ചക്കരപ്പറമ്പ് എന്നി പ്രദേശങ്ങളിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിദ്യയുടെ പൊൻപ്രകാശം പരത്തിക്കൊണ്ട് തലയെടുപ്പോടെ പ്രവർത്തിക്കുന്നു. കാലഘട്ടത്തിനനുസരിച്ച് പഠന പരിഷ്കരണങ്ങളും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തികൊണ്ട് തനതു പ്രവർത്തനങ്ങളും, ചിട്ടയായ അനുസൃതണവും, അക്കാദമിക മികവും പുലർത്തികൊണ്ട് ഈ

ഈ വിദ്യാലയം സമൂഹത്തിന് നന്മയുള്ള അനുഭവ മായി മാറുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞ ത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് അവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് P.T.A, കൗൺസിലർ, മറ്റ് ജനപ്രതിനിധികൾ, വിവിധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവരുടെ പൂർണ്ണ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ സ്കൂളിന് കഴിയുന്നുണ്ട്.

ഹരിത ഭംഗിയാർന്ന സ്കൂൾ ക്യാംപസിൽ ജൈവ വൈവിധ്യ പാർക്ക്, കളിയുപകരണങ്ങൾ, പച്ചക്കറിത്തോട്ടം എന്നിവ കൂടാതെ HI-Tech class മുറികൾ, നവീകരിച്ച Library, ആകർഷകമായ stage, മികച്ച ഉച്ചഭക്ഷണം, ശിശു-സൗഹൃദ പഠനാന്തരീക്ഷം, കലാ-കായിക-പ്രവൃത്തി പരിചയ ക്ലാസുകൾ എന്നിവ നടത്തി വരുന്നു.

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധന ക്ലാസുകളും, സമർത്ഥരായ വിദ്യാർത്ഥികൾക്ക് L.S.S പരിശീലനവും, Communicative English ക്ലാസുകളും നൽകി വരുന്നു.

പ്രവർത്തന പദ്ധതികൾ

1) മുകൾ നിലയിലെ ക്ലാസ് മുറികൾ കൂടി ടൈൽ വിരിച്ച് മോടി പിടിപ്പിക്കുക.
2) ക്ലാസ് മുറികളിലെ പുസ്തക ശേഖരം കുറച്ചു കൂടി മെച്ചപ്പെടുത്തുക. (Class Library).

3) മെച്ചപ്പെട്ട അടുക്കള , ഡൈനിംഗ് റൂം.

4) മാലിന്യ സംസ്കരണം (ക്ലാസ് മുറികളിലെ ചപ്പ് ചവറുകൾ കത്തിക്കുന്നതിന് Cement tank)

## ഭാഷാ പ്രവർത്തനങ്ങൾ.

1) ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
2) വായനാ ശേഷി വർദ്ധിപ്പിക്കൽ
3) ഗണിതശേഷി വികസനം
4) സ്കൂൾ പത്രം/മാസിക
5) മെഡിക്കൽ ക്യാമ്പ്
6) IT പഠനം.